പതിമൂന്നാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1545 — 02.07.2015 ലെ മറുപടിയ്ക്ക്

## കാർഷിക കടാശ്വാസ പദ്ധതിയുടെ പ്രയോജനം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.എ.പി.അബ്ദുള്ളക്കുട്ടി<br>ശ്രീ.ഡൊമിനിക് പ്രസന്റേഷൻ<br>ശ്രീ.തേറമ്പിൽ രാമകൃഷ്ണൻ<br>ശ്രീ.കെ.ശിവദാസൻ നായർ | ശ്രീ. കെ.പി. മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും, അച്ചടിയും, സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| (എ) കാർഷിക കടാശ്വാസ പദ്ധതി കുറ്റമറ്റ രീതിയിൽ നടപ്പാക്കാൻ സ്വീകരിച്ചിട്ടുള്ള മാർഗ്ഗങ്ങൾ വിശദമാക്കുമോ ;<br><br>(ബി) കടക്കെണിയിലായ കർഷകരുടെ ആത്മഹത്യ തടയുന്നതിനും കൃഷി പ്രോത്സാഹിപ്പിക്കുന്നതിനും കാർഷിക കടാശ്വാസ കമ്മീഷൻ ആവിഷ്കരിച്ചിട്ടുള്ള നൂതന പദ്ധതികൾ ഏതെല്ലാം എന്ന് വ്യക്തമാക്കുമോ ; | (എ) & (ബി) കാർഷിക കടാശ്വാസ പദ്ധതി എന്ന പേരിൽ കൃഷി വകുപ്പ് മുഖേന ഒരു പദ്ധതി നടപ്പാക്കുന്നില്ല. 2006-ലെ കേരള കടാശ്വാസ കമ്മീഷൻ ആക്റ്റ് പ്രകാരം രൂപീകരിച്ച കേരള സംസ്ഥാന കർഷക കടാശ്വാസ കമ്മീഷൻ വ്യക്തിഗത അപേക്ഷകളിൽ ശിപാർശ ചെയ്യുന്നതനുസരിച്ച് കടാശ്വാസം അനുവദിക്കുകയാണ് ചെയ്യുന്നത്. കടബാദ്ധ്യത മൂലം ദുരിതത്തിലാണ്ട കർഷകർക്ക് ആശ്വാസം നൽകുന്നതിനു വേണ്ടി, ന്യായനിർണ്ണയം നടത്തി അവാർഡുകൾ പാസ്സാക്കുന്നതിനും മദ്ധ്യസ്ഥതയിലൂടെയും അനുരഞ്ജനത്തിലൂടെയും അത്തരം കർഷകരുടെ സങ്കടങ്ങൾ പരിഹരിക്കുന്നതിന് ഉചിതമായ നടപടികൾക്ക് ശിപാർശ നൽകുന്നതിനും വേണ്ടിയാണ് കർഷക കടാശ്വാസ കമ്മീഷൻ രൂപീകരിച്ചിട്ടുള്ളത്. കടാശ്വാസം ലഭിക്കുന്നതിനായി കർഷകർ നൽകിയിട്ടുള്ള അപേക്ഷകളിൽ ഹിയറിംഗ് നടത്തിയതിനു ശേഷമാണ് കമ്മീഷൻ കടാശ്വാസം ശിപാർശ ചെയ്യുന്നത്. ആക്റ്റ് നിലവിൽ വന്ന തീയതിയായ 18.01.2007 നോ അതിനു മുമ്പോ കർഷകരിൽ നിന്ന് സഹകരണ സംഘങ്ങൾക്കോ ലൈസൻസ് പ്രകാരമോ അല്ലാതെയോ പണം കടം കൊടുക്കലിൽ ഏർപ്പെട്ടിരിക്കുന്ന വ്യക്തികൾക്കോ ലഭിക്കാനുള്ള ബാദ്ധ്യതകളാണ് കമ്മീഷന്റെ അധികാരപരിധിയിൽ വരുന്നത്. 2011- ൽ വയനാട് ജില്ലയിൽ കർഷക ആത്മഹത്യ തുടർച്ചയായി റിപ്പോർട്ട് ചെയ്തതിനെത്തുടർന്ന് വയനാട് ജില്ലയിലെ കർഷകരുടെ 31-10-2011 വരെയുള്ള കടങ്ങൾ കൂടി കമ്മീഷന്റെ പരിധിയിൽ കൊണ്ടുവന്നിട്ടുണ്ട്. കടാശ്വാസ കമ്മീഷന്റെ പ്രവർത്തനം കൃഷി പ്രോത്സാഹിപ്പിക്കാൻ സഹായകരമാണ്. എന്നാൽ കൃഷി പ്രോത്സാഹിപ്പിക്കുന്നതിനുള്ള പ്രത്യേക പദ്ധതികൾ |

ആവിഷ്കരിക്കുന്നത് കമ്മീഷന്റെ അധികാര പരിധിയിൽ വരുന്നില്ല.

(സി) പ്രസ്തുത പദ്ധതിയിൽ നിന്നും കാർഷികേതര വായ്പകൾക്ക് സഹായം നൽകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഇത് തടയാൻ സ്വീകരിച്ച മാർഗ്ഗങ്ങൾ എന്തെല്ലാമാണെന്ന് അറിയിക്കുമോ ;

(സി) കർഷകർ കാർഷികാനുബന്ധ വാണിജ്യാവശ്യങ്ങൾക്കൊഴികെയുള്ള വാണിജ്യാവശ്യങ്ങൾക്കോ ആഡംബരത്തിനോ വേണ്ടി വാങ്ങിയതൊഴികെയുള്ള ഏതൊരു തുകയും 2006-ലെ കേരള കടാശ്വാസ കമ്മീഷൻ ആക്ടിലെ കടം എന്ന നിർവ്വചനത്തിൽ ഉൾപ്പെടുന്നതിനാൽ അവ കടാശ്വാസത്തിനായി പരിഗണിക്കുന്നുണ്ട്.

(ഡി) കാർഷിക കടം എഴുതി തള്ളുമ്പോൾ അർഹതയില്ലാത്ത വൻകിട കർഷകർ നേട്ടമുണ്ടാക്കുന്നത് തടയാൻ സ്വീകരിക്കുന്ന നടപടികൾ വിശദമാക്കുമോ ?

(ഡി) കർഷക കടാശ്വാസ കമ്മീഷന്റെ ശിപാർശ പ്രകാരം കാർഷിക കടം പൂർണ്ണമായി എഴുതിത്തള്ളുന്നില്ല, ആക്ടിലെ വ്യവസ്ഥകൾക്കു വിധേയമായി കർഷകർക്ക് കടാശ്വാസം നൽകുകയാണ് ചെയ്യുന്നത്. 4 ഹെക്ടറിൽ കവിയാത്ത കൃഷി ഭൂമി കൈവശം വച്ചിരിക്കുകയും 2 ലക്ഷം രൂപയിൽ കവിയാത്ത വാർഷിക വരുമാനമുള്ളതും കൃഷി പ്രധാന ഉപജീവനമാർഗ്ഗമായി സ്വീകരിച്ചിട്ടുള്ളതുമായ ഒരാൾക്കാണ് ആക്ട് പ്രകാരം കടാശ്വാസത്തിന് അർഹതയുള്ളത്.

സെക്ഷൻ ഓഫീസർ